# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 18.12.2014 ൽ മറുപടിയ്ക്ക്
നിയമസഭാ ചോദ്യം നം. 4630

## അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ.ടി.യു. കുരുവിള | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | കഴിഞ്ഞ അഞ്ചു കൊല്ലമായി അംഗീകാരത്തിന് അപേക്ഷ നൽകിയിട്ടുള്ള അൺ എയ്ഡഡ് സ്കൂളുകളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാത്ത അൺ എയ്ഡഡ് വിദ്യാലയങ്ങൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രവർത്തിച്ചുവരികയാണെങ്കിൽ അവയ്ക്ക് അംഗീകാരം നൽകുന്നതിനായി അപേക്ഷ ക്ഷണിച്ചിരുന്നു. അപേക്ഷ സർക്കാരിന് സമർപ്പിക്കാനുള്ള അവസാന തീയതി 31.12.2013 വരെയായി നിജപ്പെടുത്തുകയും ഇതുമായി ബന്ധപ്പെട്ട് 625 അപേക്ഷകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br>ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | - 19 |
| കൊല്ലം | - 41 |
| പത്തനംതിട്ട | - 20 |
| കോട്ടയം | - 12 |
| എറണാകുളം | - 15 |
| തൃശ്ശൂർ | - 47 |
| പാലക്കാട് | - 57 |
| മലപ്പുറം | - 121 |
| കോഴിക്കോട് | - 63 |
| കണ്ണൂർ | - 118 |

| | | |
|---|---|---|
| കാസർഗോഡ് | - | 59 |
| ഇടുക്കി | - | 31 |
| ആലപ്പുഴ | - | 3 |
| വയനാട് | - | 19 |

എന്നാൽ അപേക്ഷകൾ സമർപ്പിക്കാനുള്ള തീയതി 31.12.2014 വരെ ദീർഘിപ്പിച്ചു നൽകിയ സാഹചര്യത്തിൽ പുതുതായി ലഭിച്ച അപേക്ഷകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ ഉള്ള മുഴുവൻ അൺ എയ്ഡഡ് സ്കൂളുകൾക്കും അംഗീകാരം നൽകുവാൻ നടപടികൾ ഉണ്ടാകുമോ;

(ബി) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ്സ് പിൻതുടരുന്ന അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സ.ഉ. (കൈ) 184/2013/പൊ.വി. തീയതി 10.06.2013 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്ന അൺ എയ്ഡഡ് വിദ്യാലങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അംഗീകാരത്തിനായി നൽകിയിട്ടുള്ള അപേക്ഷകളിൽ കാരണങ്ങൾ ഒന്നും പറയാതെ മടക്കിയിട്ടുള്ള അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കുമോ; ഏതെല്ലാമാണ് അവയെന്ന് വ്യക്തമാക്കുമോ?

(സി) സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കാതെയും സർക്കാർ നിശ്ചയിച്ച രേഖകൾ സമർപ്പിക്കാത്തവയുമായ അപേക്ഷകളാണ് ന്യൂനതകൾ പരിഹരിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ മടക്കിയിട്ടുള്ളത്. യാതൊരു കാരണവും ഇല്ലാതെ അപേക്ഷകൾ ഒന്നും തന്നെ തിരിച്ചയച്ചിട്ടില്ല. എല്ലാ ന്യൂനതകളും പരിഹരിച്ചുകൊണ്ട് അംഗീകാരം നേടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31.12.2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ